കെ. എസ്. ആർ. ടി. സി. ബസ്സുകൾ ഇൻഷ്വർ ചെയ്യുന്ന നടപടി

* 8 [820] ശ്രീ. എൻ. ഡി. അപ്പച്ചൻ :
,, എം. എ. ചന്ദ്രശേഖരൻ :
,, എൻ. ശക്തൻ :
,, കെ. എ. ചന്ദ്രൻ :
,, വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. ബസ്സുകൾ ഒരു മാസം ശരാശരി എത്ര അപകടങ്ങളിൽപ്പെടാറുണ്ട്;

(ബി) കെ. എസ്. ആർ. ടി. സി. ബസ്സുകൾ ഇൻഷ്വർ ചെയ്തിട്ടുണ്ടോ;

(സി) അവയ്ക്ക് തേർഡ് പാർട്ടി ഇൻഷ്വറൻസ് എടുത്തിട്ടുണ്ടോ;

(ഡി) ഇല്ലാത്തപക്ഷം അപകടങ്ങളിൽപ്പെടുന്ന ബസ്സുകൾ നന്നാക്കുവാനും അപകടത്തിൽപ്പെട്ടവർക്ക് നഷ്ടപരിഹാരം നൽകുവാനും കെ. എസ്. ആർ. ടി. സി.-ക്ക് പ്രതിമാസം എന്തു തുക വേണ്ടിവരും;

(ഇ) കെ. എസ്. ആർ. ടി. സി.-യുടെ ബസ്സുകൾ ഇൻഷ്വർ ചെയ്യുന്നതിനും തേർഡ് പാർട്ടി ഇൻഷ്വറൻസ് തുകയടയ്ക്കുന്നതിനും ഒരു മാസം ശരാശരി എന്തു തുക വേണ്ടിവരുമെന്ന് വ്യക്തമാക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള) :

(എ) കെ. എസ്. ആർ. ടി. സി. ബസ്സുകൾ ഒരു മാസം ശരാശരി 62 അപകടങ്ങളിൽപ്പെടാറുണ്ട്.

(ബി) 23-11-1998 മുതൽ കെ. എസ്. ആർ. ടി. സി. ചില ബസ്സുകൾക്ക് ഇൻഷ്വറൻസ് എടുക്കുകയും 31-3-2002-ൽ ആകെ 2,111 ബസ്സുകൾ ഇൻഷ്വർ ചെയ്യുകയും ചെയ്തിരുന്നു. ഇപ്പോൾ വോൾവോ ബസ്സുകൾക്ക് മാത്രമേ ഇൻഷ്വറൻസ് പരിരക്ഷയുള്ളൂ.

(സി) ഇൻഷ്വർ ചെയ്ത ബസ്സുകൾക്ക് തേർഡ് പാർട്ടി ഇൻഷ്വറൻസാണ് എടുത്തിരുന്നത്.

(ഡി) അപകടങ്ങളിൽപ്പെടുന്ന ബസ്സുകൾ നന്നാക്കുവാൻ ശരാശരി 2 ലക്ഷം രൂപയും, അപകടത്തിൽപ്പെട്ടവർക്ക് നഷ്ടപരിഹാരം നൽകുവാൻ ശരാശരി 50 ലക്ഷം രൂപയും പ്രതിമാസം കെ. എസ്. ആർ. ടി. സി.-ക്ക് വേണ്ടിവരും.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) കെ. എസ്. ആർ. ടി. സി. ബസ്സുകൾ ഇൻഷ്വർ ചെയ്യുന്നതിനുവേണ്ടി സ്റ്റേറ്റ് ഇൻഷ്വറൻസ് ഡിപ്പാർട്ടുമെന്റുമായി ചർച്ചകൾ നടന്നുകൊണ്ടിരിക്കുകയാണ്. തേർഡ് പാർട്ടി ഇൻഷ്വറൻസ് തുക അടയ്ക്കുന്നതിനുവേണ്ടി ഒരു മാസം ശരാശരി 35 ലക്ഷം രൂപ വേണ്ടിവരും.

വ്യവസായ വാണിജ്യ വകുപ്പ് പുനഃസംഘടന

* 9 [821] ശ്രീ. കെ. വി. കുഞ്ഞിരാമൻ :
,, ടി. കെ. ബാലൻ :
,, രാജു എബ്രഹാം :
,, വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വാണിജ്യ വകുപ്പ് പുനഃസംഘടിപ്പിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കുന്നതിന് സർക്കാർ ഏതെങ്കിലും ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഏത് ഏജൻസിയെ ആണെന്നും, അവർ നൽകിയ പ്രധാന ശുപാർശകൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ;

(ഡി) വകുപ്പ് പുനഃസംഘടന എപ്പോൾ മുതൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(ഇ) പുനഃസംഘടനയുടെ ഭാഗമായി ജീവനക്കാരെ തരംതാഴ്ത്താനോ പുനർവിന്യസിക്കാനോ പിരിച്ചുവിടാനോ ഉദ്ദേശിക്കുന്നുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാവിക്കുട്ടി) :

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) വ്യവസായവകുപ്പ് പുനഃസംഘടനയെപ്പറ്റി പഠനം നടത്തുന്നതിനായി സെൻറർ ഫോർ മാനേജ്മെന്റ് ഡവലപ്പ്മെന്റ് എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തുകയുണ്ടായി. വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെയും, ജില്ലാ വ്യവസായ കേന്ദ്രങ്ങളുടേയും പ്രവർത്തനം പുനഃസംഘടിപ്പിക്കുക, താലൂക്കുതല സംവിധാനം ഒഴിവാക്കുക, ബ്ലോക്കുതല സംവിധാനം ശക്തിപ്പെടുത്തുക എന്നിവയാണ് റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ.

(ഡി—എഫ്) പുനഃസംഘടനാ സംബന്ധമായ റിപ്പോർട്ട് സർക്കാർ പരിഗണനയിലിരിക്കുന്നതേയുള്ളൂ; തീരുമാനമൊന്നും എടുത്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly